SUNDAY 18.02.2024 ഞായറാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department
GOVERNMENT OF KERALA


Chief Editor : ASA S KUMAR

Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 18/02/2024

1. ന്യൂഡൽഹിയിൽ വച്ച് സംഘടിപ്പിക്കുന്ന ഇന്ത്യ ഇൻറർനാഷണൽ ഹോർട്ടി എക്സ്പോയിൽ സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ-കേരളയുടെ എക്സിബിഷൻ സ്റ്റാളിൽ ഹോർട്ടികൾച്ചർ മേഖലയുമായി ബന്ധപ്പെട്ട വിഭവങ്ങൾ മൂല്യ വർദ്ധിത ഉത്പന്നങ്ങൾ എന്നിവ പ്രദർശിപ്പിക്കുന്നതിനും വിൽപ്പനയ്ക്കും താത്പര്യമുള്ള /കർഷക സംഘടനകൾ / കൂട്ടായ്മകൾ എന്നിവരിൽ നിന്നും അപേക്ഷ സ്വീകരിക്കുന്നു. അപേക്ഷയിൽ പ്രദർശിപ്പിക്കുവാൻ ഉദ്ദേശിക്കുന്ന ഹോർട്ടികൾച്ചർ ഉത്പന്നത്തിന്റെ വിശദാംശവും, പങ്കെടുക്കുന്നവരുടെ എണ്ണവും വ്യക്തമായി കാണിക്കേണ്ടതുണ്ട്. വിശദ വിവരങ്ങൾക്ക് mdshmkerala@yahoo.co.in എന്ന ഈ-മെയിൽ വിലാസത്തിൽ ബന്ധപ്പെടുക.

2. വെള്ളാനിക്കര കൊക്കോ ഗവേഷണ കേന്ദ്രത്തിൽ 2024 ഫെബ്രുവരി 19-ാം തിയതി രാവിലെ 10 മണിക്ക് കേരള കാർഷിക സർവ്വകലാശാല ഗവേഷണ വിഭാഗം മേധാവിയുടെ അദ്ധ്യക്ഷതയിൽ നടക്കുന്ന 'കൊക്കോ ഡേ' പരിപാടി തൃശൂർ ജില്ലാ കളക്ടർ ഉദ്ഘാടനം ചെയുന്നതാണ്. ഇതോടനുബന്ധിച്ച് കൊക്കോ വിളയുടെ പ്രദർശനവും, കൊക്കോ കൃഷിയുടെ സാദ്ധ്യത, ബന്ധപ്പെടുത്തിയുള്ള ശാസ്ത്രീയകൃഷിയും പരിപാലനവും, കീടരോഗ നിയന്ത്രണം, സംസ്ക്കരണം എന്നീ വിഷയങ്ങളിൽ സെമിനാറും ഉണ്ടായിരിക്കുന്നതാണ്.

3. നാളികേര വികസന ബോർഡ് തെങ്ങ് കയറ്റ തൊഴിലാളികൾക്കായി കേരസുരക്ഷാ ഇൻഷുറൻസിന് അപേക്ഷ ക്ഷണിച്ചു. അപേക്ഷ ഫോറം കോഴിക്കോട് ജില്ലാ കളക്ടറുടെ നിയന്ത്രണത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സ്വാഭിമാൻ സോഷ്യൽ സർവീസ് & ചാരിറ്റബിൾ സൊസൈറ്റിയിൽ ലഭ്യമാണ്. ഒരു വർഷത്തേക്ക് 94/- രൂപ അടവിൽ അഞ്ചു

ലക്ഷം രൂപയാണ് മരണാനന്തര സഹായം. രണ്ടര ലക്ഷം രൂപ അപകടത്തിലെ പൂർണ്ണ വൈകല്യങ്ങൾക്കും ചികിൽസാ സഹായങ്ങൾക്കും ലഭ്യമാകും. വിശദ വിവരങ്ങൾക്ക് 8891889720 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

**പരിശീലന പരിപാടി**

4. ഇന്ത്യൻ കൗൺസിൽ ഓഫ് അഗ്രികൾച്ചർ റിസർച്ചും, കേന്ദ്ര കിഴങ്ങ് വിള ഗവേഷണ കേന്ദ്രം ശ്രീകാര്യവും സംയുക്തമായി **Identification of Tuber crops and their innovative management strategies** എന്ന വിഷയത്തിൽ 2024 മാർച്ച് 11 മുതൽ 15 വരെ പരിശീലനം സംഘടിപ്പിക്കുന്നു. പരിശീലന ഫീസ് 5900 രൂപ. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി മാർച്ച് 1. കൂടുതൽ വിവരങ്ങൾക്ക്. 0471 2598431, 8281337852 എന്നീ ഫോൺ നമ്പലുകളിലോ, director.ctcri@icar.gov.in എന്ന ഈ മെയിൽ വിലാസത്തിലോ, www.ctcri.org എന്ന വെബ്സൈറ്റോ സന്ദർശശിക്കുക.

5. കോട്ടയം ജില്ലയിലെ ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയുടെ പരിശീലന കേന്ദ്രത്തിൽ കർഷകർക്കായി ഫെബ്രുവരി 21, 22 തീയതികളിൽ **"ആട് വളർത്തൽ"** എന്ന വിഷയത്തിൽ സൗജന്യ പരിശീലനം നൽകുന്നു. പരിശീലനത്തിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർ മുൻകൂർ പേര് രജിസ്റ്റർ ചെയ്യണം. പങ്കെടുക്കുന്നവർക്ക് സർട്ടിഫിക്കറ്റ് 8590798131 വാട്സ്ആപ്പ് മുഖേന പേര് രജിസ്റ്റർ ചെയ്യാം. കൂടുതൽ വിവരങ്ങൾക്ക് 0479 2457778 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

6. കേരള കാർഷിക സർവ്വകലാശാല ഇ-പഠന കേന്ദ്രം **"തേനീച്ച വളർത്തൽ"** എന്ന വിഷയത്തിൽ ഒരു ഓൺലൈൻ പരിശീലന പരിപാടി ഫെബ്രുവരി മാസം 22 ന് ആരംഭിക്കുന്നു. കേരള കാർഷിക സർവ്വകലാശാലയിലെ ശാസ്ത്രജ്ഞരാണ് ഈ കോഴ്സ്

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

കൈകാര്യം ചെയ്യുന്നത്. താൽപ്പര്യമുള്ളവർ ഫെബ്രുവരി 21 നകം ഈ കോഴ്സിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. 20 ദിവസം ദൈർഘ്യമുള്ള കോഴ്സ് പൂർണ്ണമായും മലയാളത്തിലാണ് പരിശീലിപ്പിക്കുന്നത്. ഒൻപത് സെഷനുകളിലായി തയ്യാറാക്കിയ കോഴ്സ് കെ.എ.യു. MOOC പ്ലാറ്റ്ഫോമിലൂടെ പ്രയോജനപ്പെടുത്താവുന്നതാണ്. www.celkau.in എന്ന ലിങ്കിൽ ക്ലിക് ചെയ്ത് ഈ പരിശീലന കോഴ്സിൽ രജിസ്റ്റർ ചെയ്യാം. രജിസ്റ്റർ ചെയ്തവർക്ക് ഫെബ്രുവരി 22 മുതൽ 'പ്രവേശനം' എന്ന ബട്ടൺ ക്ലിക് ചെയ്ത് യുസർ ഐ ഡി യും പാസ്സ്‌വേർഡും ഉപയോഗിച്ച് ക്ലാസ്സുകളിൽ പങ്കെടുക്കാവുന്നതാണ്

7. മൃഗസംരക്ഷണ പരിശീലനകേന്ദ്രം- ആതവനാട് കേരള കാർഷിക സർവകലാശാലയുമായി സംയോജിച്ച് 2024 – ഫെബ്രുവരി - 20 ന് 'മുട്ടക്കോഴി വളർത്തൽ, നൂതന പരിപാലന മാർഗ്ഗങ്ങൾ" എന്ന വിഷയത്തിൽ സൗജന്യ പരിശീലനം സംഘടിപ്പിക്കുന്നു. പങ്കെടുക്കാൻ താൽപര്യമുള്ളവർ 0494-2962296 എന്ന നമ്പരിൽ വിളിച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്.

8. റബ്ബർപാലിന്റെ ഉണക്കത്തൂക്കം (ഡി.ആർ.സി.) നിർണയിക്കുന്നതിൽ റബ്ബർബോർഡ് നടത്തുന്ന ത്രിദിന സർട്ടിഫിക്കറ്റ് കോഴ്സ് കോട്ടയത്ത് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്ങിൽ (എൻ.ഐ.ആർ.റ്റി.) വെച്ച് ഫെബ്രുവരി 27 മുതൽ 29 വരെയുള്ള തീയതികളിൽ നടക്കും. താൽപര്യമുള്ളവർക്ക് https://bit.ly/3feCcVj എന്ന ലിങ്കിൽ രജിസ്റ്റർ ചെയ്യാം. കൂടുതൽ വിവരങ്ങൾക്ക് 0481 2353127, 7306464582 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.